**149/2025-M**

| ചോദ്യ പുസ്തക അക്ഷര കോഡ് | **A** | ചോദ്യ പുസ്തക ക്രമ നമ്പർ | |
|---|---|---|---|

ചോദ്യങ്ങളുടെ ആകെ എണ്ണം : 100 സമയം : 1 മണിക്കൂർ 30 മിനിട്ട്

പരമാവധി മാർക്ക് : 100

## ഉദ്യോഗാർത്ഥികൾക്കുള്ള നിർദ്ദേശങ്ങൾ

1. ചോദ്യ കടലാസ്സ് നൽകുന്നത് ചോദ്യ പുസ്തക രൂപത്തിലാണ്. **A, B, C, D** എന്നീ നാല് അക്ഷര കോഡുകളിലുള്ള ചോദ്യ പുസ്തകങ്ങളാണ് നൽകുന്നത്.
2. ചോദ്യ പുസ്തകത്തിന്റെ മുകളിൽ ഇടത് വശത്ത് പ്രത്യേക കോളത്തിൽ ചോദ്യ പുസ്തക അക്ഷര കോഡ് അച്ചടിച്ചിട്ടുണ്ട്.
3. ഓരോ ഉദ്യോഗാർത്ഥിക്കും നൽകിയിട്ടുള്ള ചോദ്യ പുസ്തക അക്ഷര കോഡ് അവരുടെ പരീക്ഷാ ഹാളിലെ ഇരിപ്പിടത്തിൽ രേഖപ്പെടുത്തിയിരിക്കും.
4. നിങ്ങൾക്കനുവദിച്ചിരിക്കുന്ന അക്ഷര കോഡിൽ നിന്നും വ്യത്യസ്തമായ കോഡിലുള്ള ചോദ്യ പുസ്തകമാണ് ലഭിക്കുന്നതെങ്കിൽ അത് ഉടനടി ഇൻവിജിലേറ്ററുടെ ശ്രദ്ധയിൽപ്പെടുത്തേണ്ടതാണ്.
5. ചോദ്യ പുസ്തക ക്രമ നമ്പർ പുറംചട്ടയുടെ വലതു വശത്ത് മുകളറ്റത്തായി ചേർത്തിട്ടുണ്ട്. ക്രമ നമ്പർ ഇല്ലാത്ത ചോദ്യ പുസ്തകമാണ് നിങ്ങൾക്ക് ലഭിക്കുന്നതെങ്കിൽ അതേ അക്ഷര കോഡിലുള്ള ചോദ്യ പുസ്തകം മാറ്റി വാങ്ങുക.
6. ചോദ്യ പുസ്തകം വലതു മാർജിനിൽ മദ്ധ്യ ഭാഗത്തായി സീൽ ചെയ്തിരിക്കും. ഉത്തരമെഴുതാനുള്ള അനുമതി ലഭിച്ചാലല്ലാതെ ചോദ്യ പുസ്തകം തുറക്കാൻ പാടില്ല.
7. പരീക്ഷ തുടങ്ങിയാലുടൻ ഉദ്യോഗാർത്ഥി തനിക്ക് ലഭിച്ചിരിക്കുന്ന ചോദ്യ പുസ്തകത്തിൽ 100 ചോദ്യങ്ങളും ക്രമമായി ഉണ്ടോ എന്ന് പരിശോധിക്കേണ്ടതാണ്. ചോദ്യ പുസ്തകത്തിൽ അച്ചടിക്കാത്തതോ, കീറിയതോ, വിട്ടുപോയതോ ആയ പേജുകൾ ഉണ്ടാകില്ല; അഥവാ ഉണ്ടെങ്കിൽ അക്കാര്യം ഇൻവിജിലേറ്ററുടെ ശ്രദ്ധയിൽ കൊണ്ടുവരികയും അതേ അക്ഷര കോഡിലുള്ള പൂർണ്ണമായ ചോദ്യ പുസ്തകം മാറ്റി വാങ്ങുകയും ചെയ്യേണ്ടതാണ്. ഇത് ഏറ്റവും പ്രധാനപ്പെട്ടതാണ്.
8. ചോദ്യ പുസ്തകത്തിന്റെ അവസാനം ഒന്നും എഴുതാത്ത ഒരു കടലാസ് ചേർത്തിട്ടുണ്ട്. ഇത് ഉത്തരം കണ്ടുപിടിക്കുന്നതിനുള്ള കുറിപ്പുകൾക്കായി ഉപയോഗിക്കാവുന്നതാണ്.
9. **ഉത്തരങ്ങൾ രേഖപ്പെടുത്താൻ ആരംഭിക്കുന്നതിന് മുമ്പ് ഉത്തരക്കടലാസിന്റെ മറുപുറത്തുള്ള നിർദ്ദേശങ്ങൾ ശ്രദ്ധാപൂർവ്വം വായിക്കുക.**
10. ശരിയുത്തരം ഉൾപ്പെടെ ഓരോ ചോദ്യത്തിനും **(A), (B), (C), (D)** എന്ന നാല് ഉത്തരങ്ങൾ തന്നിരിക്കും. ശരിയുത്തരം തെരഞ്ഞെടുത്ത് ഒ.എം.ആർ. ഉത്തരക്കടലാസിൽ ബന്ധപ്പെട്ട ചോദ്യ നമ്പറിന് നേരെയുള്ള ശരിയുത്തരം സൂചിപ്പിക്കുന്ന കുമിള (ബബിൾ) മാത്രം നീലയോ കറുപ്പോ ബാൾ പോയിന്റ് പേന ഉപയോഗിച്ച് കറുപ്പിക്കുക.
11. **ഓരോ ശരിയുത്തരത്തിനും ഒരു മാർക്ക് ലഭിക്കുകയും ഓരോ തെറ്റുത്തരത്തിനും 1/3 മാർക്ക് നഷ്ടമാവുകയും ചെയ്യും. ഉത്തരം രേഖപ്പെടുത്താത്ത ചോദ്യങ്ങൾക്ക് മാർക്ക് നഷ്ടമാവുകയില്ല.**
12. പരീക്ഷാസമയം കഴിയുന്നതിന് മുമ്പോ, ഉത്തരക്കടലാസ് ഇൻവിജിലേറ്ററെ ഏൽപ്പിക്കാതെയോ ഒരു ഉദ്യോഗാർത്ഥിയും പരീക്ഷാഹാൾ വിട്ട് പുറത്തുപോകാൻ പാടില്ല.
13. നിർദ്ദേശങ്ങൾ കർശനമായി പാലിക്കേണ്ടതാണ്. പരീക്ഷയിൽ ക്രമക്കേട് നടത്തുകയോ അതിനുള്ള ശ്രമം നടത്തുകയോ ചെയ്യുന്ന ഉദ്യോഗാർത്ഥികളെ അയോഗ്യരായി പ്രഖ്യാപിക്കുന്നതാണ്.

# 149/2025-M

Maximum : 100 marks

Time : 1 മണിക്കൂർ 30 മിനിട്ട്

1. ഫ്രഞ്ചു വിപ്ലവത്തെ സംബന്ധിച്ച് തന്നിട്ടുള്ള പ്രസ്താവനകളിൽ ശരിയായത് ഏതൊക്കെയാണ്?

   (i) മൂന്നാം എസ്റ്റേറ്റ് പ്രതിനിധികൾ ടെന്നീസ് കോർട്ടിൽ സമ്മേളിച്ചു.

   (ii) 1791 ജൂലായ് 14ന് ജനക്കൂട്ടം ബാസ്റ്റൽ കോട്ട ആക്രമിച്ചു.

   (iii) അബ്ബേസീയസ്, മിറാബോ എന്നിവരായിരുന്നു ദേശീയ അസംബ്ളിയുടെ നേതാക്കൻമാർ.

   (A) മൂന്ന് പ്രസ്താവനകളും ശരിയാണ് (i, ii, iii)

   (B) ഒന്നാമത്തേതും മൂന്നാമത്തേയും പ്രസ്താവനകൾ മാത്രം ശരിയാണ് (i, iii)

   (C) ഒന്നാമത്തേതും രണ്ടാമത്തേയും പ്രസ്താവനകൾ മാത്രം ശരിയാണ് (i, ii)

   (D) രണ്ടാമത്തേതും മൂന്നാമത്തേയും പ്രസ്താവനകൾ മാത്രം ശരിയാണ് (ii, iii)

2. ചുവടെ തന്നിരിക്കുന്ന സംഭവങ്ങളുടെ ശരിയായ കാലഗണന ഏതാണ്?

   (i) കുളച്ചൽ യുദ്ധം

   (ii) ആറ്റിങ്ങൽ കലാപം

   (iii) തൃപ്പടി ദാനം

   (A) (i), (iii), (ii)
   (B) (iii), (ii), (i)
   (C) (ii), (i), (iii)
   (D) (ii), (iii), (i)

3. ചുവടെ തന്നിരിക്കുന്നവയിൽ ശരിയായ ജോടി/ജോടികൾ കണ്ടെത്തുക :

   (i) കല്ലുമാല സമരം – ആറാട്ടുപുര വേലായുധ പണിക്കർ

   (ii) നിഴൽ താങ്കലുകൾ – വൈകുണ്ഠ സ്വാമികൾ

   (iii) മൂക്കുത്തി സമരം – ആര്യപള്ളം

   (iv) ദർശനമാല – ചട്ടമ്പി സ്വാമികൾ

   (A) ഒന്നാമത്തേത് മാത്രം (i)

   (B) ഒന്നാമത്തേതും നാലാമത്തേതും മാത്രം (i), (iv)

   (C) മൂന്നാമത്തേതും നാലാമത്തേതും (iii), (iv)

   (D) രണ്ടാമത്തേത് മാത്രം (ii)

4. ചുവടെ തന്നിരിക്കുന്നവയിൽ നിസ്സഹകരണ സമരവുമായി ബന്ധമില്ലാത്തത് ഏത്?

(A) ചൗരി ചൗര സംഭവം

(B) ഇൽബർട്ട് ബിൽ വിവാദം

(C) വെയിൽസ് രാജകുമാരന്റെ ഇന്ത്യ സന്ദർശനം

(D) ഖിലാഫത്ത് പ്രസ്ഥാനം

5. വൈക്കം സത്യാഗ്രഹവുമായി ബന്ധപ്പെട്ട് ചുവടെ തന്നിരിക്കുന്ന പ്രസ്താവനകളിൽ ശരിയായ പ്രസ്താവന/പ്രസ്താവനകൾ ഏത്?

(i) കോഴഞ്ചേരി പ്രസംഗത്തിന്റെ പേരിൽ സി. കേശവൻ അറസ്റ്റിലായി.

(ii) സഞ്ചാര സ്വാതന്ത്ര്യത്തിന് വേണ്ടിയുള്ള സമരം.

(iii) മന്നത്ത് പത്മനാഭന്റെ നേതൃത്വത്തിൽ സവർണജാഥ സംഘടിപ്പിച്ചു.

(iv) ഇ.വി. രാമസ്വാമിനായ്ക്കർ സമരത്തെ പിന്തുണച്ചു.

(A) നാല് പ്രസ്താവനകളും ശരിയാണ് (i), (ii), (iii), (iv)

(B) രണ്ട്, മൂന്ന്, നാല് പ്രസ്താവനകൾ മാത്രം ശരിയാണ് (ii), (iii), (iv)

(C) ഒന്നാമത്തെ പ്രസ്താവന മാത്രം ശരിയാണ് (i)

(D) ഒന്നാമത്തെയും നാലാമത്തേയും പ്രസ്താവനകൾ മാത്രം ശരിയാണ് (i), (iv)

6. ഉത്തരധ്രുവത്തിനടുത്തുള്ള ഈ ദ്വീപ് പ്രദേശം ഡെൻമാർക്കിന്റെ അധീനതയിലുള്ള അർദ്ധസ്വയംഭരണ മേഖലയാണ്. സിംഹഭാഗവും വർഷംമുഴുവൻ മഞ്ഞ്മൂടി കിടക്കുന്നു. അമേരിക്കൻ ഐക്യനാടുകളുടെ സുരക്ഷിതത്തിന് ഈ മേഖല നിർണ്ണായകമാണ്. ഇത് കാരണമാണ് പ്രസിടണ്ട് ഡൊണാൾഡ് ട്രംപ് ഈ പ്രദേശത്തിന്റെ നിയന്ത്രണത്തിനായി ശ്രമിക്കുന്നത്.

ചുവടെ നൽകിയിരിക്കുന്നവയിൽ ഏത് പ്രദേശത്തെയാണ് ഇവിടെ സൂചിപ്പിക്കുന്നത്?

(A) ഗ്രീൻലാൻഡ്  (B) കാനഡ

(C) മെക്സിക്കോ  (D) ക്യൂബ

7. വിവിധ തരം മഴകളെക്കുറിച്ചുള്ള പ്രസ്താവനകളിൽ ശരിയായത് കണ്ടെത്തുക :

(i) പർവതങ്ങളുടെ കാറ്റിന് അഭിമുഖമായ വശങ്ങളിൽ തട്ടി ഉയർന്നുപൊങ്ങി തണുത്തുറഞ്ഞ് പെയ്യുന്ന മഴയാണ് ശൈലവൃഷ്ടി.

(ii) വായു ചൂടാകുമ്പോൾ ഭാരം കുറഞ്ഞ് വികസിച്ച് മുകളിലേക്ക് ഉയർന്ന് ഘനീഭവിച്ചുണ്ടാകുന്ന ഇടിമിന്നലോടുകൂടിയ മഴയാണ് സംവഹന വൃഷ്ടി.

(iii) ഭൂമധ്യരേഖാ പ്രദേശങ്ങളിൽ കൂടുതലായി ലഭിക്കുന്നത് ശൈലവൃഷ്ടിയാണ്.

(A) (i) മാത്രം  (B) (i), (ii) എന്നിവ മാത്രം

(C) (ii), (iii) എന്നിവ മാത്രം  (D) (i), (ii), (iii) എന്നിവയെല്ലാം

8. ചുവടെ നൽകിയിരിക്കുന്ന പട്ടികയിൽ സമുദ്രജല പ്രവാഹങ്ങളും അവ കാണപ്പെടുന്ന സമുദ്രങ്ങളും ശരിയായി യോജിപ്പിക്കുക :

| ക്രമനമ്പർ | പ്രവാഹം | സമുദ്രം |
|---|---|---|
| 1 | അഗുൽഹാസ് പ്രവാഹം | (a) പസഫിക് സമുദ്രം |
| 2 | കുറോഷിയോ പ്രവാഹം | (b) അറ്റ്ലാന്റിക് സമുദ്രം |
| 3 | ലാബ്രഡോർ പ്രവാഹം | (c) ഇന്ത്യൻ മഹാസമുദ്രം |
| 4 | ഹംബോൾട്ട് പ്രവാഹം | (d) ആർട്ടിക് സമുദ്രം |

(A) 1-(c), 2-(a), 3-(b), 4-(d)
(B) 1-(b), 2-(c), 3-(d), 4-(a)
(C) 1-(c), 2-(b), 3-(a), 4-(d)
(D) 1-(a), 2-(b), 3-(c), 4-(d)

9. പശ്ചിമഘട്ടത്തെയും പൂർവ്വഘട്ടത്തെയും താരതമ്യം ചെയ്യുന്ന പ്രസ്താവനകളിൽ ശരിയായത് തിരഞ്ഞെടുക്കുക :

(i) പശ്ചിമഘട്ടം പൂർവ്വഘട്ടത്തെ അപേക്ഷിച്ച് ഉയരം കൂടിയതും തുടർച്ചയായതുമാണ്.

(ii) പൂർവ്വഘട്ടത്തിലെ ഏറ്റവും ഉയരം കൂടിയ കൊടുമുടി ആനമുടിയാണ്.

(iii) മഹാനദി, ഗോദാവരി തുടങ്ങിയ നദികൾ പൂർവ്വഘട്ടത്തെ മുറിച്ച് കടന്നു പോകുന്നു.

(A) (i), (ii) എന്നിവ മാത്രം
(B) (ii), (iii) എന്നിവ മാത്രം
(C) (i), (iii) എന്നിവ മാത്രം
(D) (i), (ii), (iii) എന്നിവയെല്ലാം

10. വിദൂര സംവേദനം സംബന്ധിച്ച പ്രസ്താവനകളിൽ ശരിയായത് തിരഞ്ഞെടുക്കുക :

(i) ഒരു വസ്തുവിനെയോ പ്രദേശത്തെയോ സംബന്ധിച്ച വിവരങ്ങൾ സ്പർശനബന്ധം കൂടാതെ ശേഖരിക്കുന്ന രീതിയാണിത്.

(ii) കൃത്രിമ ഉപഗ്രഹങ്ങൾ വിദൂര സംവേദനത്തിന് വ്യാപകമായി ഉപയോഗിക്കുന്നു.

(iii) ഭൂവിനിയോഗം, ധാതു സമ്പത്തുകളെ കണ്ടെത്തൽ തുടങ്ങിയ മേഖലകളിൽ ഇത് പ്രയോജനകരമാണ്.

(A) (i) മാത്രം
(B) (i), (ii) എന്നിവ മാത്രം
(C) (ii), (iii) എന്നിവ മാത്രം
(D) (i), (ii), (iii) എന്നിവയെല്ലാം

11. താഴെ പറയുന്ന പ്രസ്താവനകളിൽ ശരിയായവ ഏതെല്ലാം?

(i) ഭൂമിയുടെ ഏറ്റവും പുറമെയുള്ള പാളിയാണ് ഭൂവൽക്കം.

(ii) ഭൂവൽക്കത്തിനും കാമ്പിനും ഇടയിലായി മാന്റിൽ സ്ഥിതി ചെയ്യുന്നു.

(iii) ഭൂമിയുടെ കേന്ദ്രഭാഗത്തുള്ള പാളിയാണ് കാമ്പ്, ഇത് പ്രധാനമായും നിക്കലും ഇരുമ്പും കൊണ്ട് നിർമ്മിതമാണ്.

(A) (i), (ii) എന്നിവ മാത്രം
(B) (ii), (iii) എന്നിവ മാത്രം
(C) (i), (iii) എന്നിവ മാത്രം
(D) (i), (ii), (iii) എന്നിവയെല്ലാം

12. താഴെക്കൊടുത്തിരിക്കുന്നവയിൽ, ഐ.എസ്.ആർ.ഒ.(ISRO)യുടെ "നൈസർ" (NISAR) ദൗത്യത്തെക്കുറിച്ച് ശരിയായ പ്രസ്താവനകൾ ഏതൊക്കെയാണ്?

(i) ഇത് നാസയും (NASA) ഐ.എസ്.ആർ.ഒ.(ISRO)യും സംയുക്തമായി നടത്തുന്ന ഒരു ബഹിരാകാശ ദൗത്യമാണ്.

(ii) ഇത് ഭൂമിയുടെ ഉപരിതല മാറ്റങ്ങളെക്കുറിച്ച് പഠിക്കുന്നതിനുള്ള ഒരു റഡാർ ഇമേജിംഗ് ഉപഗ്രഹ ദൗത്യമാണ്.

(iii) ഈ ദൗത്യത്തിൽ ഉപയോഗിക്കുന്നത് GSLV-Mk III എന്ന വിക്ഷേപണ വാഹനമാണ്.

(A) (i) മാത്രം
(B) (i) & (ii) മാത്രം
(C) (i), (ii) & (iii) എല്ലാം
(D) (ii) & (iii) മാത്രം

13. ഇന്ത്യൻ പ്ലാനിംഗ് കമ്മീഷന്റെ അവസാന ഡെപ്യൂട്ടി ചെയർമാൻ :

(A) മൊണ്ടെക്സിംഗ് അലുവാലിയ
(B) ഗുൽസാരിലാൽ നന്ദ
(C) പ്രണബ് മുഖർജി
(D) കെ.സി. പന്ത്

14. ഇന്ത്യൻ സമ്പദ്‌വ്യവസ്ഥയിൽ ഉത്തര മഹാസമതലത്തിന്റെ പ്രത്യേകതകൾ :

1. ഇന്ത്യയുടെ ധാന്യപുര എന്നറിയപ്പെടുന്നു.
2. ലോകത്തിലെ ഏറ്റവും ജനനിബിഡമായ പ്രദേശം.
3. ഉയർന്ന വ്യവസായ പുരോഗതി.

(A) 1, 2 ശരി
(B) 2, 3 ശരി
(C) 1, 3 ശരി
(D) എല്ലാം ശരിയാണ്

15. ഇന്ത്യയിലെ ഏറ്റവും വലിയ കൃഷിയധിഷ്ഠിത വ്യവസായം :

(A) ചണ വ്യവസായം

(B) റബ്ബർ അധിഷ്ഠിത വ്യവസായം

(C) പരുത്തി തുണി വ്യവസായം

(D) പഞ്ചസാര വ്യവസായം

16. സാധാരണയായി ബാങ്കുകൾ ഓവർഡ്രാഫ്റ്റ് സൗകര്യം നൽകുന്നത് ഏതുതരം ഡെപ്പോസിറ്റ് ഉള്ളവർക്കാണ്?

(A) സമ്പാദ്യനിക്ഷേപം

(B) സ്ഥിരനിക്ഷേപം

(C) ആവർത്തിതനിക്ഷേപം

(D) പ്രചലിതനിക്ഷേപം

17. ഇന്ത്യൻ സമ്പദ് വ്യവസ്ഥയിൽ തൃതീയമേഖലയുടെ പ്രാധാന്യം വർദ്ധിക്കുന്നതിന്റെ കാരണങ്ങൾ :

1. പ്രൈമറി, സെക്കണ്ടറി മേഖലകളുടെ വികസനം കൂടുന്നതിനനുസരിച്ച് സേവനങ്ങൾക്കുള്ള ഡിമാന്റ് വർദ്ധിച്ചു.
2. വരുമാനനിലവാരം കൂടുന്നതിനനുസരിച്ച് ആളുകൾ സേവനങ്ങൾ കൂടുതൽ ഡിമാന്റ് ചെയ്യുന്നു.
3. ICT പോലുള്ള സേവനങ്ങളുടെ പ്രാധാന്യം വർദ്ധിച്ചു.
4. ഇന്ത്യയിൽ കാർഷികവികസനത്തിന് സാധ്യതകളില്ല.

(A) എല്ലാം ശരിയാണ്

(B) 1, 2, 3 ശരിയാണ്

(C) 2, 3, 4 ശരിയാണ്

(D) 1, 2, 4 ശരിയാണ്

18. 2022ലെ സാമ്പത്തികശാസ്ത്ര നോബൽ പ്രൈസ് ജേതാക്കൾ :

(A) ബെൻ എസ് ബർണാങ്ക്, ഡഗ്ളസ് ഡയമണ്ട്, ഫിലിപ്പ് ഡിബ്‌വിഗ്

(B) ഗ്യൂയ്ഡോ ഇംബെൻസ്, ഡേവിഡ് കാർഡ്, ജോഷ്വാ ഏങ്കിസ്റ്റ്

(C) മൈക്കിൾ ക്രമർ, അഭിജിത്ത് ബാനർജി, എസ്തേർ ഡുഫ്ളു

(D) പോൾ മൈക്കിൾ റോമർ, വില്യം നോർഥസ്

19. “മേക്ക് ഇൻ ഇന്ത്യ” സംരംഭവുമായി ബന്ധപ്പെട്ട ശരിയായ പ്രസ്താവനകൾ :

1. 2014ൽ ഭാരതസർക്കാർ തുടങ്ങിയ ഒരു സംരംഭം.
2. അന്തർദേശീയ സ്ഥാപനങ്ങളുടെ ഇന്ത്യയിലേക്കുള്ള കടന്നുവരവ് നിരുത്സാഹപ്പെടുത്തുക എന്നതാണ് ലക്ഷ്യം.
3. ദേശീയ സ്ഥാപനങ്ങളുടെ ഉൽപാദനം പ്രോത്സാഹിപ്പിക്കുക എന്നതാണ് ഉദ്ദേശ്യം.

(A) 1, 2 ശരി
(B) 1, 3 ശരി
(C) 2, 3 ശരി
(D) എല്ലാം ശരിയാണ്

20. 2025ൽ ഇന്ത്യൻ പാർലമെന്റ് പാസാക്കിയ വഖഫ് (ഭേദഗതി) ബിൽ പരിഗണിച്ച ജോയിന്റ് പാർലമെന്ററി കമ്മറ്റി (JPC) യുടെ ചെയർമാൻ ആര്?

(A) ജഗതാംബിക പാൽ
(B) അസറുദ്ദീൻ ഉവൈസി
(C) നിഷികാന്ത് ദുബേ
(D) ഗുലാംനബി ആസാദ്

21. ലോകസഭയിലും, സംസ്ഥാന നിയമസഭകളിലും വനിതകൾക്ക് 33% സംവരണം നടപ്പിലാക്കാൻ നിർദ്ദേശിക്കുന്ന ഭരണഘടനാഭേദഗതി ഏത്?

(A) 129-ആം ഭരണഘടനാ ഭേദഗതി
(B) 106-ആം ഭരണഘടനാ ഭേദഗതി
(C) 91-ആം ഭരണഘടനാ ഭേദഗതി
(D) 86-ആം ഭരണഘടനാ ഭേദഗതി

22. ഇന്ത്യൻ ഭരണഘടന പ്രകാരം പൗരത്വം ആർജിക്കാനുള്ള മാർഗങ്ങൾ താഴെപ്പറയുന്നു. ഇവയിൽ ശരിയായ പ്രസ്താവന ഏത്?

1. ജന്മസിദ്ധമായ പൗരത്വം
2. പിന്തുടർ വഴിയുള്ള പൗരത്വം
3. രജിസ്ട്രേഷൻ വഴിയുള്ള പൗരത്വം
4. പ്രദേശ സംയോജനം മൂലം ലഭിക്കുന്ന പൗരത്വം

(A) 1, 2, 3 ശരി
(B) 1, 2, 4 ശരി
(C) 1, 3 ശരി
(D) എല്ലാം ശരി

23. നിർദ്ദേശക തത്വങ്ങളുമായി ബന്ധപ്പെട്ട് താഴെപ്പറയുന്ന പ്രസ്താവനകളിൽ തെറ്റായത് എഴുതുക :

(A) നിർദ്ദേശക തത്വങ്ങൾ ന്യായവാദാർഹങ്ങളാണ് (Justiciable). അവ ലംഘിക്കപ്പെട്ടാൽ പൗരന് കോടതിയെ സമീപിക്കാവുന്നതാണ്.

(B) നിർദ്ദേശക തത്വങ്ങൾ സമൂഹത്തിന്റെ താൽപര്യങ്ങളും ക്ഷേമവും ഉറപ്പുവരുത്തുന്നതിന് വേണ്ടി നില കൊള്ളുന്നു.

(C) നിർദ്ദേശക തത്വങ്ങൾ ചില കാര്യങ്ങൾ ചെയ്യാൻ ഗവൺമെന്റിനോട് ആവശ്യപ്പെടുന്നു.

(D) നിർദ്ദേശക തത്വങ്ങൾ സാമ്പത്തിക-സാമൂഹിക നീതിക്ക് ഊന്നൽ നൽകുന്നു.

24. താഴെ കൊടുത്തിരിക്കുന്ന പട്ടിക പരിശോധിച്ച് ശരിയായത് കണ്ടെത്തുക :

| യൂണിയൻ ലിസ്റ്റ് (A) | സംസ്ഥാന ലിസ്റ്റ് (B) | കൺകറന്റ് ലിസ്റ്റ് (C) |
|---|---|---|
| * പ്രതിരോധം<br>* ആണവോർജ്ജം<br>* തുറമുഖങ്ങൾ<br>* ആദായനികുതി | * മൃഗസംരക്ഷണം<br>* പൊതുജനാരോഗ്യം<br>* പ്രാദേശിക ഗവൺമെന്റുകൾ<br>* ജയിൽ | * വിദ്യാഭ്യാസം<br>* വനങ്ങൾ<br>* വിവാഹവും വിവാഹ മോചനവും<br>* മായം ചേർക്കൽ |

(A) കോളം Aയും Bയും ശരി
(B) കോളം Bയും Cയും ശരി
(C) കോളം Aയും Cയും ശരി
(D) ഇവയെല്ലാം ശരി

25. ഇന്ത്യൻ ഭരണഘടനയുടെ "ഹൃദയവും ആത്മാവും" എന്ന് വിശേഷിപ്പിച്ച മൗലികാവകാശം എന്ത്?

(A) സമത്വത്തിനുള്ള അവകാശം
(B) സ്വാതന്ത്ര്യത്തിനുള്ള അവകാശം
(C) ഭരണഘടനാപരമായ പരിഹാരത്തിനുള്ള അവകാശം
(D) മതസ്വാതന്ത്ര്യത്തിനുള്ള അവകാശം

26. ഭരണഘടനനിർമ്മാണ സമിതിയുമായി ബന്ധപ്പെട്ട താഴെപ്പറയുന്ന പ്രസ്താവനകളിൽ ശരിയായത് കണ്ടെത്തുക :

1. ഭരണഘടന നിർമ്മാണസമിതിയുടെ അധ്യക്ഷൻ ഡോക്ടർ ബി.ആർ. അംബേദ്കർ ആയിരുന്നു.
2. ക്യാബിനറ്റ് മിഷൻ പദ്ധതി അനുസരിച്ചാണ് ഭരണഘടന നിർമ്മാണ സമിതി രൂപം കൊണ്ടത്.
3. ഭരണഘടന നിർമ്മാണ സമിതിയുടെ ആദ്യ സമ്മേളനം നടന്നത് 1946ൽ കൽക്കട്ടയിൽ വെച്ചാണ്.
4. 1949 നവംബർ 26നാണ് ഭരണഘടന നിർമ്മാണ സമിതിയിൽ ഭരണഘടന അംഗീകരിച്ചത്.

(A) 1, 2, 3 ശരി (B) 1, 3, 4 ശരി
(C) 2, 4 ശരി (D) എല്ലാം ശരി

27. ട്രാൻസ്ജെൻഡർ വ്യക്തികളെ മുഖ്യധാരയിൽ എത്തിക്കാൻ ഉദ്ദേശിച്ചു കൊണ്ട് കേരള സർക്കാർ ആവിഷ്കരിച്ച പദ്ധതി ഏത്?

(A) നിഴൽ പദ്ധതി (B) അനന്യം പദ്ധതി
(C) നിർഭയ പദ്ധതി (D) മന്ദഹാസം പദ്ധതി

28. കേരളത്തിൽ ജി.എസ്.ഡി.പി. (GSDP)യിലേക്ക് ഏറ്റവും കൂടുതൽ സംഭാവന നൽകുന്ന മേഖല ഏത്?

(A) പ്രാഥമിക മേഖല (B) ദ്വിതീയ മേഖല
(C) തൃതീയ മേഖല (D) ഇവയെല്ലാം

29. തണ്ണീർത്തടങ്ങളുമായി ബന്ധപ്പെട്ട് താഴെ പറയുന്ന പ്രസ്ഥാവനകളിൽ ശരിയേത്?

1. തണ്ണീർത്തടങ്ങൾ സംരക്ഷിക്കുന്നതിനുള്ള അന്താരാഷ്ട്ര കരാർ ആണ് ക്യോട്ടോ പ്രോട്ടോക്കോൾ.
2. ഉപരിതല ജലം സംരക്ഷിക്കപ്പെടുന്ന സ്വാഭാവിക ഇടങ്ങളാണ് തണ്ണീർത്തടങ്ങൾ.
3. വയലുകൾ, കുളങ്ങൾ, ചതുപ്പ് നിലങ്ങൾ തുടങ്ങിയ എല്ലാ താഴ്ന്ന പ്രദേശങ്ങളും തണ്ണീർത്തടങ്ങളിൽ ഉൾപ്പെടുന്നു.
4. പ്രകൃതിയിലെ സ്വാഭാവിക ജലസംഭരണികളാണ് തണ്ണീർത്തടങ്ങൾ.

(A) 1, 2, 3 ശരി (B) 2, 3, 4 ശരി
(C) 1, 3, 4 ശരി (D) ഇവയെല്ലാം ശരി

30. കേരള ദുരന്തനിവാരണ അതോറിറ്റിയിലെ അംഗങ്ങൾ ആരെല്ലാം?

(A) മുഖ്യമന്ത്രി, റവന്യൂമന്ത്രി, കൃഷിമന്ത്രി, ചീഫ്സെക്രട്ടറി

(B) മുഖ്യമന്ത്രി, റവന്യൂമന്ത്രി, ധനകാര്യമന്ത്രി, ചീഫ്സെക്രട്ടറി

(C) മുഖ്യമന്ത്രി, ഗവർണർ, റവന്യൂമന്ത്രി, ചീഫ്സെക്രട്ടറി

(D) മുഖ്യമന്ത്രി, ഗവർണർ, കൃഷിമന്ത്രി, ചീഫ്സെക്രട്ടറി

31. കേരള നിയമസഭ പാസാക്കിയ "കേരള കാർഷിക ബന്ധ ബില്ലി"ൽ ഉൾപ്പെടാത്തത് ഏത്?

(A) കൈവശ ഭൂമിക്ക് പരിധി നിശ്ചയിക്കുക

(B) പാട്ട വ്യവസ്ഥകൾ റദ്ദാക്കുക

(C) ജന്മിത്വം അവസാനിപ്പിക്കുക

(D) മിച്ചഭൂമിയുടെ ഉടമസ്ഥാവകാശം ജന്മിമാർക്ക് നൽകുക

32. കേരളത്തിലെ ഏഴാം ധനകാര്യകമ്മീഷൻ ചെയർമാൻ ആര്?

(A) Dr. എ.ബി. പ്രകാശ്

(B) എസ്.എം. വിജയനന്ദ

(C) കെ.എൻ. ഹരിലാൽ

(D) Prof. എം.എ. ഉമ്മൻ

33. കേരളത്തിലെ ഇപ്പോഴത്തെ ഡി.ജി.പി. ആര്?

(A) റവാഡ A ചന്ദ്രശേഖർ

(B) നിതിൻ അഗർവാൾ

(C) യോഗേഷ് ഗുപ്ത

(D) മനോജ് എബ്രഹാം

34. ഏത് സാങ്കേതിക വിദ്യക്കാണ് 2020-ൽ കാർപെന്റിയർ, ജെന്നിഫർ എഡൗഡ്ന എന്നീ ശാസ്ത്രജ്ഞർക്ക് രസതന്ത്ര നോബൽ പുരസ്കാരം ലഭിച്ചത്?

(A) ക്രിസ്പർ കാസ്-9

(B) ടാലൻസ്

(C) ബേസ് എഡിറ്റിംഗ്

(D) പ്രൈം എഡിറ്റിംഗ്

35. ആന്റിബയോട്ടികൾക്കെതിരെ പ്രതിരോധശേഷിയുള്ള മൾട്ടി-ഡ്രഗ്-റെസിസ്റ്റന്റ് ബാക്ടീരിയകൾ അറിയപ്പെടുന്നത് ഏത് നാമത്തിലാണ്?

(A) സ്ലീപ്പിംഗ് ബഗുകൾ

(B) ലേഡി ബഗുകൾ

(C) സൂപ്പർ ബഗുകൾ

(D) ഇവയിൽ ഒന്നുമല്ല

36. കണ്ണുകളെ അണുബാധകളിൽ നിന്ന് സംരക്ഷിക്കുന്ന എൻസൈമിന്റെ പേര് :

(A) ലിപേസ്
(B) ലൈസോസൈം
(C) അമൈലേസ്
(D) ലിഗേസ്

37. നോസിസെപ്ഷൻ എന്ന പ്രവർത്തനം ഏത് സംവേദനവുമായി ബന്ധപ്പെട്ടതാണ്?

(A) വേദന
(B) രുചി
(C) ഗന്ധം
(D) കോപം

38. താഴെ തന്നിരിക്കുന്നവയിൽ DNA-യിൽ ഇല്ലാത്ത നൈട്രജൻ ബേസ് ഏത്?

(A) യുറാസിൽ
(B) തൈമിൻ
(C) ഗ്വാനിൻ
(D) അഡിനിൻ

39. ലോകഹൃദയദിനമായി ആചരിക്കുന്നത് എന്ന്?

(A) സെപ്റ്റംബർ 21
(B) സെപ്റ്റംബർ 29
(C) ജൂൺ 21
(D) ജൂൺ 29

40. അനെയ്റോബിക് ശ്വസനം നടക്കുന്നത് ഏതിൽ?

(A) മനുഷ്യൻ
(B) കടുവ
(C) ബാക്ടീരിയ
(D) സസ്യം

41. RBC-യിലെ വർണ്ണകം :

(A) ഹീമോഗ്ലോബിൻ
(B) ക്ലോറോഫിൽ
(C) ആന്തോസയാനിൻ
(D) കരോട്ടിനോയിട്സ്

42. ഒരു ഗോളീയ ദർപ്പണത്തിന്റെ വക്രത ആരം Rഉം ഫോക്കസ് ദൂരം *f*ഉം ആണെങ്കിൽ രണ്ടുംതമ്മിലുള്ള ബന്ധത്തെ സൂചിപ്പിക്കുന്ന സമവാക്യമാണ്?

(A) $f = R/4$
(B) $R = f/2$
(C) $f = R/2$
(D) $f = 2R$

43. കുത്തനെ മുകളിലേക്ക് എറിഞ്ഞ പന്ത് 100 മീറ്റർ മുകളിലേക്ക് സഞ്ചരിച്ച ശേഷം തിരിച്ചു അതേ സ്ഥാനത്തു തന്നെ എത്തുകയാണെങ്കിൽ പന്തിന്റെ സ്ഥാനാന്തരം എത്രയായിരിക്കും?

(A) പൂജ്യം
(B) 100 m
(C) 200 m
(D) ഇവയൊന്നുമല്ല

44. മനുഷ്യന് ശ്രവണസാധ്യമായ ശബ്ദപരിധി താഴെകൊടുക്കുന്നവയിൽ എത്രയാണ്?

(A) 20 Hzൽ താഴെ
(B) 20 Hz – 20000 Hz
(C) 20000 Hzന് മുകളിൽ
(D) ഇവയൊന്നുമല്ല

45. ചന്ദ്രയാൻ 3 ചന്ദ്രനിൽ ഇറങ്ങിയ സ്ഥലം ഏത് പേരിലാണ് അറിയപ്പെടുന്നത്?

(A) ജവഹർ പോയിന്റ്
(B) ശിവശക്തി
(C) ചന്ദ്രയാൻ 3
(D) വ്യോമിത്ര

46. APAAR IDയുമായി ബന്ധപ്പെട്ട് താഴെ കൊടുക്കുന്നവയിൽ ശരിയായത് ഏത്?

(A) ഒരു രാഷ്ട്രം ഒരു സ്റ്റുഡന്റ് ഐഡി
(B) നാഷണൽ ഡിജിറ്റൽ യൂണിവേഴ്സിറ്റി
(C) ഒരു രാജ്യം ഒരു ആരോഗ്യ കാർഡ്
(D) ഇവയൊന്നുമല്ല

47. താഴെ കൊടുത്തിരിക്കുന്ന പ്രസ്താവനകളിൽ തെറ്റായ പ്രസ്താവന ഏത്?

(A) ഗ്രാഫൈറ്റ്, വജ്രം എന്നിവ കാർബണിന്റെ ക്രിസ്റ്റലീയ രൂപാന്തരങ്ങളാണ്
(B) പ്രകൃതിദത്തമായ ഏറ്റവും കാഠിന്യം കൂടിയ പദാർത്ഥമാണ് വജ്രം
(C) വൈദ്യുതിയെ കടത്തിവിടാൻ കഴിവുള്ള ഒരു പദാർത്ഥമാണ് വജ്രം
(D) സ്നേഹകമായി (Lubricant) ഉപയോഗിക്കാൻ കഴിയുന്ന ഒരു പദാർത്ഥമാണ് ഗ്രാഫൈറ്റ്

48. താഴെ കൊടുത്തിരിക്കുന്നവയിൽ ഏതാണ്/ഏതെല്ലാമാണ് ഉൽകൃഷ്ട വാതകം/വാതകങ്ങൾ?

(i) ഓക്സിജൻ
(ii) ഹീലിയം
(iii) ഹൈഡ്രജൻ
(iv) നിയോൺ

(A) (i) മാത്രം
(B) (i) ഉം (iii) ഉം
(C) (ii) ഉം (iv) ഉം
(D) മുകളിൽ കൊടുത്തിരിക്കുന്നവയെല്ലാം

**49.** കാർബൺ ഡൈഓക്സൈഡുമായി ബന്ധപ്പെട്ട പ്രസ്താവനകളിൽ തെറ്റായിട്ടുള്ളത് ഏത്?

(A) കാർബൺ ഡൈഓക്സൈഡ് ഇന്ധനമായി ഉപയോഗിക്കാൻ കഴിയാത്ത ഒരു വാതകമാണ്.

(B) കാർബൺ ഡൈഓക്സൈഡ് അഗ്നിശമനികളിൽ ഉപയോഗിക്കുന്ന ഒരു വാതകമാണ്.

(C) കാർബൺ ഡൈഓക്സൈഡ് ഒരു ഹരിതഗൃഹ വാതകമാണ്.

(D) കാർബൺ ഡൈഓക്സൈഡിന്റെ ജലീയ ലായനിയുടെ pH മൂല്യം ഏഴിനേക്കാൾ കൂടുതലായിരിക്കും

**50.** താഴെ കൊടുത്തിരിക്കുന്നവയിൽ അല്ല മഴയ്ക്ക് കാരണമാകുന്ന വാതകം/ വാതകങ്ങൾ ഏത്?

(i) അമോണിയ

(ii) സൾഫർ ഡൈഓക്സൈഡ്

(iii) കാർബൺ മോണോക്സൈഡ്

(iv) നൈട്രജൻ ഡൈഓക്സൈഡ്

(A) ഇവയെല്ലാം

(B) (ii) ഉം (iv) ഉം

(C) (i) ഉം (iii) ഉം

(D) (i) മാത്രം

**51.** താഴെ കൊടുത്തിരിക്കുന്ന പ്രസ്താവനകളിൽ ശരിയായത്/ശരിയായവ ഏത്?

(i) അന്തരീക്ഷത്തിലെ സ്ട്രാറ്റോസ്ഫിയർ എന്ന പാളിയിലാണ് ഓസോൺ കൂടുതലായി കാണപ്പെടുന്നത്.

(ii) സെപ്റ്റംബർ-16 അന്താരാഷ്ട്ര ഓസോൺ ദിനമായി ആചരിക്കുന്നു.

(iii) 1996ൽ രൂപം കൊടുത്ത ലണ്ടൻ പ്രോട്ടോകോൾ (London Protocol) ഓസോൺ പാളിയുടെ ശോഷണത്തിന് കാരണമായ വസ്തുക്കളുടെ നിയന്ത്രണവുമായി ബന്ധപ്പെട്ടുള്ളതാണ്.

(A) (i) ഉം (ii) ഉം

(B) (i) മാത്രം

(C) (iii) മാത്രം

(D) എല്ലാം ശരിയാണ്

**52.** കേരള സർക്കാർ നൽകുന്ന ഏറ്റവും ഉന്നതമായ സാഹിത്യ പുരസ്ക്കാരം എന്താണ്?

(A) വള്ളത്തോൾ പുരസ്ക്കാരം

(B) വയലാർ അവാർഡ്

(C) എഴുത്തച്ഛൻ പുരസ്ക്കാരം

(D) ഓടക്കുഴൽ പുരസ്ക്കാരം

53. ആദ്യമായി ദേശീയ പുരസ്ക്കാരം നേടിയ മലയാള ചലച്ചിത്രം ഏതാണ്?

(A) ചെമ്മീൻ (B) നീലക്കുയിൽ

(C) രണ്ടിടങ്ങഴി (D) ന്യൂസ്പേപ്പർ ബോയ്

54. 'വരിക വരിക സഹജരേ സഹന സമര സമയമായ്' എന്ന പ്രസിദ്ധ ഗാനം ഏത് സമരവുമായി ബന്ധപ്പെട്ടതാണ്?

(A) ഗുരുവായൂർ സത്യാഗ്രഹം (B) നിവർത്തന പ്രക്ഷോഭം

(C) വൈക്കം സത്യാഗ്രഹം (D) പയ്യന്നൂർ സത്യാഗ്രഹം

55. താഴെ പറയുന്നവയിൽ ഏതു ക്ലാസിക്കൽ നൃത്തമാണ് ജനിച്ച ഗ്രാമത്തിന്റെ പേരിൽ അറിയപ്പെടുന്നത്?

(A) കുച്ചിപ്പുടി (B) കഥകളി

(C) ഭരതനാട്യം (D) മോഹിനിയാട്ടം

56. എം.ടി. വാസുദേവൻ നായരുടെ 'രണ്ടാമൂഴം' എന്ന നോവലിലെ പ്രധാന കഥാപാത്രം ആരാണ്?

(A) അർജുനൻ (B) ഭീമസേനൻ

(C) യുധിഷ്ഠരൻ (D) കർണൻ

57. 2023ലെ ഏകദിന ലോകകപ്പ് ക്രിക്കറ്റ് മത്സരം നടക്കുന്നത് ഏത് രാജ്യത്താണ്?

(A) ശ്രീലങ്ക (B) പാക്കിസ്താൻ

(C) ഇന്ത്യ (D) ഓസ്ട്രേലിയ

58. ഇന്ത്യൻ ദേശീയ ടീമിൽ ഇടം നേടിയ മലയാളീതാരമായ മിന്നുമണി ഏതു കായിക ഇനവുമായി ബന്ധപ്പെട്ടിരിക്കുന്നു?

(A) വോളിബോൾ (B) ബാസ്ക്കറ്റ് ബോൾ

(C) ക്രിക്കറ്റ് (D) ടെന്നീസ്

59. സാധനങ്ങളിലെ ദ്വിമാന കോഡിന്റെ വിശദാംശങ്ങൾ സ്കാൻ ചെയ്യാൻ വ്യാപകമായി ഉപയോഗിക്കുന്ന ഇൻപുട്ട് ഉപകരണം ഏതാണ്?

(A) ബാർകോഡ് റീഡർ (B) QR കോഡ് റീഡർ

(C) MICR (D) OCR

60. ഓപ്പൺ സോഴ്സ് ബ്രൗസർ സോഫ്റ്റ്‌വെയറിന് ഒരു ഉദാഹരണം _________ ആണ്.

(A) ഇന്റർനെറ്റ് എക്സ്പ്ലോറർ
(B) നെറ്റ്സ്കേപ്പ് നാവിഗേറ്റർ
(C) ഓപ്പറ
(D) മോസില്ല ഫയർഫോക്സ്

61. ഏത് നെറ്റ്‌വർക്ക് ഉപകരണം അതിലേക്ക് ബന്ധിപ്പിച്ചിരിക്കുന്ന എല്ലാ നോഡുകളുടെയും വിലാസം സംഭരിക്കുന്നു?

(A) സ്വിച്ച്
(B) ഹബ്
(C) റൂട്ടർ
(D) ഗേറ്റ്‌വേ

62. ഒരു വെബ്പേജിൽ സ്ക്രോളിംഗ് ചിത്രങ്ങളും വാചകവും ഉൾപ്പെടുത്തുന്നതിനുള്ള ഒരു HTML ടാഗ് _________ ആണ്.

(A) <IMG>
(B) <SCROLL>
(C) <MARQUEE>
(D) <FONT>

63. കേരളത്തിൽ ഭൂമിശാസ്ത്രപരമായ സൂചന ടാഗ് നേടിയ ഏറ്റവും പുതിയ ഉൽപ്പന്നം ഏതാണ്?

(A) തിരൂർ വെറ്റില
(B) നിലമ്പൂർ തേക്ക്
(C) ആലപ്പി കയർ
(D) കണ്ണാടിപ്പായ

64. പോക്സോ ആക്ട് 2012 (Protection of Children from Sexual Offences Act, 2012) പ്രകാരം കുട്ടികൾക്ക് നേരെയുള്ള ലൈംഗികാതിക്രമ കേസുകൾ ആർക്കാണ് റിപ്പോർട്ട് ചെയ്യേണ്ടത്?

(A) മജിസ്ട്രെയ്റ്റ്
(B) സ്പെഷ്യൽ ജുവനൈൽ പോലീസ് യൂണിറ്റ്
(C) ലോക്കൽ പോലീസ്
(D) ഓപ്ഷൻസ് (B) & (C)

65. വിവാഹിതയായ ഒരു സ്ത്രീയോട് ലൈംഗികബന്ധം പുലർത്തുന്നത് ക്രിമിനൽ കുറ്റം ആയി കാണുന്ന ഇന്ത്യൻ ശിക്ഷാനിയമത്തിലെ (IPC) ഒരു വകുപ്പ് സ്ത്രീകളോട് വിവേചനപരമായി നിലകൊള്ളുന്നു എന്ന കാരണത്താൽ 27 സെപ്റ്റംബർ 2018ലെ ജോസഫ് ഷൈൻ v. യൂണിയൻ ഓഫ് ഇന്ത്യ എന്ന സുപ്രധാന വിധിയിലൂടെ സുപ്രീം കോടതി അസാധു ആക്കി. ഏതാണ് ആ വകുപ്പ്?

(A) സെക്ഷൻ 496
(B) സെക്ഷൻ 497
(C) സെക്ഷൻ 484
(D) സെക്ഷൻ 448

66. പട്ടികജാതി-പട്ടികവർഗ (അതിക്രമങ്ങൾ തടയൽ) നിയമം, 1989 (The Scheduled Castes and Scheduled Tribes (Prevention of Atrocities) Act, 1989), ഇന്ത്യൻ ഭരണഘടനയുടെ ഏത് ആർട്ടിക്കിളിൽ പ്രതിപാദിക്കുന്ന പ്രത്യേക തരം വിവേചനത്തിന് എതിരേയുള്ള നിയമമാണ്?

(A) ആർട്ടിക്കിൾ 12
(B) ആർട്ടിക്കിൾ 13
(C) ആർട്ടിക്കിൾ 17
(D) ആർട്ടിക്കിൾ 18

67. വിവരാവകാശ നിയമം 2005 പ്രകാരം സെൻട്രൽ ഇൻഫോർമേഷൻ കമ്മിഷണർമാരുടെ പരമാവധി എണ്ണം എത്ര?

(A) 20
(B) 18
(C) 15
(D) 10

68. കേരളാ സ്റ്റേറ്റ് ഫിലിം ഡെവലപ്മെന്റ് കോർപറേഷൻ (KSFDC) ആരംഭിച്ച ഇന്ത്യയിലെ ആദ്യ ഗവണ്മെന്റ് പിന്തുണയോടെയുള്ള ഓടിടി പ്ലാറ്റ്ഫോമിന്റെ (Over-The-Top, OTT platform) പേര്?

(A) സി സ്പേസ് (CSPACE)
(B) കെ സ്പേസ് (KSPACE)
(C) എം സ്പേസ് (MSPACE)
(D) കേരളാ സ്പേസ് (KeralaSPACE)

69. പോക്സോ ആക്ട് 2012 (Protection of Children from Sexual Offences Act, 2012) പ്രകാരം, നിയമത്തിന്റെ നടത്തിപ്പ് നിരീക്ഷിക്കാൻ ഏത് അധികാരിയാണ് ഉത്തരവാദി?

(A) സെൻട്രൽ ബ്യൂറോ ഓഫ് ഇൻവസ്റ്റിഗേഷൻ
(B) കുട്ടികളുടെ അവകാശ സംരക്ഷണത്തിനായുള്ള ദേശീയ കമ്മീഷൻ
(C) ദേശീയ മനുഷ്യാവകാശ കമ്മീഷൻ
(D) മുകളിൽ പറഞ്ഞവ ഒന്നുമല്ല

70. ഗാർഹിക പീഡന നിയമപ്രകാരം നിയമിക്കപ്പെടുന്ന സംരക്ഷണ ഉദ്യോഗസ്ഥന്റെ പങ്ക് എന്താണ്?

(A) കേസ് ഒത്തുതീർപ്പാക്കുന്നതിന് പരാതിക്കാരിക്കും പ്രതിക്കും ഇടയിൽ മധ്യസ്ഥത വഹിക്കാൻ
(B) ഒരു കസ്റ്റഡി ഉത്തരവ് പുറപ്പെടുവിക്കാൻ
(C) ഗാർഹിക സംഭവ റിപ്പോർട്ട് തയ്യാറാക്കുകയും നടപടിക്രമങ്ങളിൽ കോടതിയെ സഹായിക്കുകയും ചെയ്യുക
(D) സംരക്ഷണ ഉത്തരവുകൾ പുറപ്പെടുവിക്കുക

71. ഒരു ക്ലോക്കിൽ സമയം 10:10 കാണിക്കുമ്പോൾ മണിക്കൂർ സൂചിയും മിനിട്ട് സൂചിയും തമ്മിലുള്ള കോണളവ് എത്രയായിരിക്കും?

(A) 210°
(B) 115°
(C) 60°
(D) 80°

72. ഒറ്റയാനെ കണ്ടെത്തുക:

4202, 5143, 6371, 7654

(A) 7654
(B) 6371
(C) 4202
(D) 5143

73. ഒരു ജോലി പൂർത്തിയാക്കാൻ Aയ്ക്ക് 40 ദിവസം വേണം. അതേ ജോലി Aയും Bയും ഒരുമിച്ചു ചെയ്തു തീർക്കുവാൻ 8 ദിവസം മതി എങ്കിൽ ആ ജോലി ഒറ്റയ്ക്ക് ചെയ്തു തീർക്കുന്നതിന് Bക്ക് എത്ര ദിവസം വേണം?

(A) 10
(B) 11
(C) 20
(D) 15

74. R = 9, N = 13, BUS = 39 ആയാൽ PSC = __________

(A) 38
(B) 46
(C) 43
(D) 52

75. 9 സംഖ്യകളുടെ ശരാശരി 50 ആണ്. അതിൽ ആദ്യത്തെ 4 സംഖ്യകളുടെ ശരാശരി 49ഉം അവസാനത്തെ 4 സംഖ്യകളുടെ ശരാശരി 52ഉം ആയാൽ അഞ്ചാമത്തെ സംഖ്യ എത്ര?

(A) 48
(B) 45
(C) 46
(D) 50

**76.** 14 : 9 :: 26 : ?

(A) 14 (B) 15

(C) 10 (D) 12

**77.** രണ്ടു സംഖ്യകളുടെ അംശബന്ധം 4:5ഉം അവയുടെ ലസാഗു 140 ആയാൽ വലിയ സംഖ്യ ഏത്?

(A) 35 (B) 32

(C) 45 (D) 55

**78.** വില കാണുക :

$(1.1)^3 - (0.9)^3 - (0.2)^3$

(A) 0.945 (B) 0.547

(C) 1.134 (D) 0.594

**79.** 3, 8, 13, ............., 253 എന്ന സമാന്തര ശ്രേണിയുടെ അവസാനത്തെ അക്കത്തിൽ നിന്ന് പിന്നിലേക്ക് ഇരുപതാമത്തെ പദം ഏതാണ്?

(A) 158 (B) 147

(C) 151 (D) 154

**80.** Aയുടെ 50%ഉം Bയുടെ 30%ഉം തുല്യമായാൽ A, B എന്നിവ തമ്മിലുള്ള അംശബന്ധം എത്ര?

(A) 5:3 (B) 8:5

(C) 3:5 (D) 3:8

81. Oh! I just forgot to bring the book.

Identify the part of speech of the underlined word.

(A) Conjunction (B) Interjection

(C) Adverb (D) Pronoun

82. Choose the correct pair of prepositions to complete the sentence :

The documentary will be screened __________ the Conference Hall __________ the second floor tomorrow.

(A) 'in' and 'on' (B) 'at' and 'in'

(C) 'on' and 'at' (D) 'in' and 'at'

83. Use the correct tense form to complete the given sentence :

They __________ the club a year ago.

(A) has joined (B) joins

(C) joined (D) join

84. Fill in the blank using the correct word to complete the idiom :

A bolt from the __________.

(A) green (B) yellow

(C) brown (D) blue

85. Convert the following sentence from active voice into passive voice form and choose the correct answer :

They selected him.

(A) He had been selected by them

(B) He was selected by them

(C) He has been selected by them

(D) He is selected by them

86. Find out the incorrectly spelled word from the options given below :

(A) Venture
(B) Entrepreneur
(C) Sucour
(D) Etiquette

87. Find out the idiom which means, 'decide or agree to stop doing something'.

(A) beat around the bush
(B) hit the nail on the head
(C) miss the boat
(D) call it a day

88. Which of the following is not a synonym for the word 'assuage'?

(A) soothe
(B) alleviate
(C) mitigate
(D) aggravate

89. ___________ is an example for an onomatopoeic word.

(A) Dale
(B) Splash
(C) Love
(D) Good

90. Choose the correct conditional clause to complete the sentence.

___________, they would have won the match.

(A) If they had played well
(B) If they have played well
(C) If they played well
(D) If they play well

91. താഴെ കൊടുത്തിരിക്കുന്നവയിൽ ശരിയായി എഴുതിയ വാക്ക് ഏത്?

(A) അഗാഥം
(B) വൃശ്ചിഗം
(C) വിധ്വാൻ
(D) ശ്രേഷ്ഠം

92. മയിൽ എന്ന പദത്തിന്റെ പര്യായപദമല്ലാത്തത് ഏത്?

(A) ബർഹി
(B) ശിഖി
(C) കീരം
(D) കേകി

93. തെറ്റായ അർത്ഥമുള്ള ജോഡി കണ്ടെത്തുക.

(A) ഭ്രമരം – വണ്ട്
(B) നവനീതം – പ്രാവ്
(C) പരഭൃതം – കുയിൽ
(D) നളിനം – താമര

94. 'ജഗന്നാഥൻ' പിരിച്ചെഴുതിയാൽ

(A) ജഗൻ + നാഥൻ
(B) ജഗത് + നാഥൻ
(C) ജഗ + നാഥൻ
(D) ജഗന + നാഥൻ

95. 'കഷ്ടപ്പെടുത്തുക' എന്നർത്ഥം വരുന്ന ശൈലിയേത്?

(A) ശതകം ചൊല്ലിക്കുക
(B) ശിങ്കിടി പാടുക
(C) മല മറിക്കുക
(D) ചെണ്ട കൊട്ടിക്കുക

96. ഒറ്റപ്പദം കണ്ടെത്തുക – ന്യായശാസ്ത്രം പഠിച്ചവൻ

(A) നൈദേശികൻ
(B) നൈദാനികൻ
(C) നൈയായികൻ
(D) നൈരയികൻ

97. നൃപ + ഇന്ദ്രൻ ചേർത്തെഴുതിയാൽ

(A) നൃപേന്ദ്രൻ
(B) നൃപയീന്ദ്രൻ
(C) നൃപീന്ദ്രൻ
(D) നൃപയിന്ദ്രൻ

98. ശരിയായ പുല്ലിംഗ-സ്ത്രീലിംഗ ജോഡി കണ്ടെത്തുക.

(A) ലേഖകൻ – ലേഖക
(B) സിംഹം – സിംഹിക
(C) സേവകൻ – സേവക
(D) യവനൻ – യവനി

99. 'അധോമുഖൻ' എന്ന പദത്തിന്റെ വിപരീതപദം ഏത്?

(A) ദുർമ്മുഖൻ
(B) ബഹിർമുഖൻ
(C) സുമുഖൻ
(D) ഉന്മുഖൻ

100. തന്നിരിക്കുന്നവയിൽ ശരിയായ വാക്യം ഏത്?

(A) ഈ വസ്തുത പ്രത്യേകിച്ച് എടുത്തു പറയാൻ ഞങ്ങൾ തീരുമാനിച്ചു.
(B) സമ്മേളനത്തിൽ ഏകദേശം രണ്ടായിരത്തോളം പേർ പങ്കെടുത്തു.
(C) റോഡിൽ കാണുന്ന സീബ്രാ വരകൾ പദയാത്രികർക്ക് വേണ്ടിയുള്ളതാണ്.
(D) ഉത്സവാഘോഷങ്ങൾ അതിര് കടക്കുകയും പരിധി ലംഘിക്കുകയും ചെയ്യരുത്.

**SPACE FOR ROUGH WORK**

**SPACE FOR ROUGH WORK**